27

# പിന്നീടുള്ള അപ്പൊസ്തൊലിക ചരിത്രം

### I. പൗലൊസിന്റെ പിന്നീടുള്ള ചരിത്രം.

**1. അവന്റെ മോചനം; തുടർന്നുള്ള ചരിത്രം.** – പൗലൊസിന്റെ ആദ്യ റോമൻ തടവിൽ നിന്നുള്ള മോചനം അവൻ വിശ്വാസത്തോടെ പ്രതീക്ഷിച്ചിരുന്നതായി സൂചനയു് (ഫിലി. 1:25, 26; 2:24; ഫിലെ. 22), അതിനെ ഉറപ്പിക്കുന്ന സംഭവങ്ങളും യാത്രകളും അവന്റെ ആദ്യ ചരിത്രവുമായും, സർവ്വദേശീയ പാരമ്പര്യവുമായും യോജിക്കുന്നില്ല.

1 തിമൊഥെയൊസിൽ നിന്നും തീത്തോസിൽ നിന്നും അവൻ വീും എഫെസൊസിലും, ക്രേത്തയിലും പോയി എന്നും, മറ്റൊരു സന്ദർശനം മക്കെദോന്യയിലും ഗ്രീസിലും നടത്തി എന്നും മനസ്സിലാക്കാം. ആ കാലയളവിലാണ് അവൻ 1 തിമൊഥെയൊസിനുള്ള ഒന്നാം ലേഖനവും തീത്തോസിനുള്ള ലേഖനവും എഴുതിയത്.

**2. അവന്റെ അവസാന തടവും രക്തസാക്ഷിത്വവും.** – പൗലൊസ് എ.ഡി. 63-ൽ മോചിതനായി. അടുത്ത വർഷമാണ് റോമിൽ വലിയ തീ പൊട്ടിപ്പുറപ്പെട്ടത്. തന്നിൽനിന്ന് സംശയം നീക്കുവാനായി, നീരോ ചക്രവർത്തി ക്രിസ്ത്യാനികളുടെ മേൽ കുറ്റം ചുമത്തുകയും, അങ്ങനെ ആദ്യമായി ചക്രവർത്തിയുടെ ഉപദ്രവം ആരംഭിക്കുകയും ചെയ്തു. കുറേസമയത്തേക്കുകൂടെ റോമിൽനിന്ന് അകലെ, പൗലൊസ്, തന്റെ വേല നടത്തിവന്നു; എന്നാൽ, ഒടുവിൽ, അവനെ പിടിച്ച് തടവിലാക്കുകയും റോമിലേക്ക് കൊുവരുകയും ചെയ്തു. കൊള്ളിവെയ്പ്പിനു പ്രചോദനം നൽകിയെന്ന് അവനിൽ കുറ്റം ചുമത്തിയിരിക്കുവാനാണ് സാധ്യത. അവന്റെ രാമത്തെ തടവ് ആദ്യത്തേതിൽനിന്നും കാഠിന്യമേറിയതായിരുന്നു. അവന്റെ തടവിൽനിന്ന്, മുൻപേ രക്തസാക്ഷിത്വം പ്രതീക്ഷിച്ചുകൊ്, അവൻ തന്റെ അവസാനലേഖനമായ – 2 തിമൊഥെയൊസ് എഴുതി. തന്റെ പഴയ സ്നേഹിതന്മാർ, അവനെ പരിത്യജിച്ചതിന്റെ വലിയ വിഷമം, അവന്റെ ഹൃദയത്തിൽ ഉായിരുന്ന സമയമായിരുന്നു അത്. ലൂക്കൊസ് അവസാനത്തോളം അവനോടൊപ്പമുായിരുന്നു. രു തിമൊഥെയൊസിന്റെ അവസാനഭാഗത്താണ് പ്രായമായ അപ്പൊസ്തലനെ കുറിച്ച് അവസാന വെളിച്ചം തിരുവെഴുത്ത് നൽകുന്നത്; എന്നാൽ, വിശ്വാസയോഗ്യമായ പാരമ്പര്യമനുസരിച്ച്, അവനെ കുറ്റം വിധിക്കുകയും അങ്ങനെ എ.ഡി. 68-ൽ അവൻ രക്തസാക്ഷിയാവുകയും ചെയ്തു. ക്രിസ്ത്യാനികളെ പീഡിപ്പിച്ചു കൊല്ലുന്ന രീതിയിൽ നിന്ന് പലപ്പോഴും പൗലൊസ് ഒഴിവായത് അവന്റെ റോമാ പൗരത്യം നിമിത്തമായിരുന്നു. ഒരുപക്ഷെ റോമാ മതിലുകൾക്ക് പുറത്ത് അവന്റെ തല ഛേദിക്കപ്പെട്ടിരിക്കാം. അങ്ങനെ ജാതികളുടെ വലിയ അപ്പൊസ്തലൻ ഇല്ലാതായി, അവന്റെ ജീവിതവും എഴുത്തുകളും മനുഷ്യരുടെ ഭാവി തലമുറയ്ക്ക് കൈമാറിയിട്ടുള്ള ഏറ്റവും വലിയ സമ്പത്താണ്.

### II. മറ്റു അപ്പൊസ്തലന്മാരുടെ പിന്നീടുള്ള ചരിത്രം.

**1. പത്രൊസിന്റെ അവസാനത്തെ വീക്ഷണം.** – ഏറ്റവും അവസാന

മായി പത്രൊസിനെ പ്രവൃത്തികളുടെ പുസ്തകത്തിൽ പറയുന്നത് അപ്പൊസ്തലിക സമിതിയിലാണ് (പ്രവൃത്തികൾ 15:7–11). പൗലൊസ്, തന്റെ ഗലാതൃർക്കുള്ള ലേഖനത്തിൽ, ആറുവർഷത്തിനുശേഷം, അന്ത്യോകൃയിൽ പത്രൊസിന്റെ കാപടൃത്തെ കുറിച്ച് സൂചിപ്പിക്കുന്നു (ഗലാ. 2:9–14). സംഭവം നടന്നത് ഒരുപക്ഷെ സഭ കൂടിയശേഷം ഉടനെയും, പൗലൊസിന്റെ രാമത്തെ മിഷ്ണറിയാത്രക്കു മുമ്പും ആയിരിക്കാം. ഇവിടെയായിരിക്കാം പത്രൊസിനെകുറിച്ച് പുതിയനിയമചരിത്രത്തിൽ അവസാനമായി പ്രതിപാദിക്കുന്നത്. എന്നാൽ അവന്റെ രു ലേഖനങ്ങൾ നമുക്ക് കിട്ടിയിട്ടു്. ഒന്നാമത്തേത്, റോം എന്ന വാക്കിന്റെ ആലങ്കാരിക പ്രയോഗമാകുന്ന ബാബേലിൽനിന്നാണ് എഴുതിയിരിക്കുന്നത്, അതു ആസ്യാ ഭൂഖണ്ഡത്തിലെ ക്രിസ്ത്യാനികൾക്കാണ് എഴുതിയത് (1 പത്രൊ. 1:1; 5:13). ശിലാസിനെയും മർക്കൊസിനെയും പറ്റി പറഞ്ഞിരിക്കയാൽ, അത് എഴുതിയത് പൗലൊസിന്റെ ഒന്നും രും റോമോ തടവുകൾക്കിടയിലായിരിക്കാം. പൗലൊസിന്റെ ലേഖനവുമായി ബന്ധമുള്ളതായി രാം ലേഖനം വ്യക്തമാക്കുന്നു (2 പത്രൊ. 3:15, 16) പത്രൊസ് രക്തസാക്ഷിത്വം പ്രതീക്ഷിച്ചിരുന്നതായും കാണാം (2 പത്രൊ. 1:13–15; *ഒ.വാ.* യോഹന്നാൻ 21:18, 19). പൗലൊസ് മരിച്ച ഉടനെ റോമിൽ വെച്ച് അതു തിരിച്ചറിഞ്ഞിരുന്നു എന്നു, പ്രാരംഭ ക്രിസ്തീയ എഴുത്തുകളിൽ നിന്നു നമുക്ക് മനസിലാക്കാം. പത്രൊസിനു, റോമാ പൗരത്വം ഇല്ലാതിരുന്നതുകൊ്, അവൻ, തന്റെ യജമാനനെപോലെ, ക്രൂശിലേറിയാണ് മരിച്ചത്. പാരമ്പര്യം വിശ്വസിക്കാമെങ്കിൽ, താൻ തന്റെ യജമാനനെപോലെ, ക്രൂശിക്കപ്പെടുവാൻ യോഗ്യനല്ലാത്തതുകൊു, തന്നെ തലകീഴായി ക്രൂശിച്ചാൽ മതി എന്നപേക്ഷിച്ചു എന്നാണ് പറയപ്പെട്ടത്.

**2. യോഹന്നാന്റെ പിൽക്കാലജീവിതം.** – പ്രവൃത്തികളുടെ പുസ്തകചരിത്രത്തിൽനിന്നു യോഹന്നാൻ വളരെ നേരത്തെ തന്നെ അപ്രത്യക്ഷമാകുകയാണ്. ശമര്യയിൽ ഫിലിപ്പൊസ് പ്രവർത്തിച്ചതുമായി ബന്ധപ്പെട്ടാണ് നാം അവസാനമായി യോഹന്നാനെ കുറിച്ചു വായിക്കുന്നത് (പ്രവൃത്തികൾ 8:14, 25). കൂടിയാലോചനാ സമിതിയിൽ യോഹന്നാൻ ഉായിരുന്നതായി പറയുന്നില്ല (പ്രവൃത്തികൾ 15); എന്നാൽ പൗലൊസ് അവനെ അതുമായുള്ള ബന്ധത്തിൽ പറയുന്നു് (ഗലാ. 2:9). സുവിശേഷീകരണത്തിൽ യോഹന്നാന്റെ പേർ മുഖ്യമായും വരുന്നില്ലെങ്കിലും, അവന്റെ എഴുത്തുകൾ, പൗലൊസിന്റേതു കഴിച്ചാൽ, മറ്റു അപ്പൊസ്തലന്മാരുടേതുപോലെ തന്നെ വളരെ പ്രാധാന്യമുള്ളവയാണ്. അവസാനസുവിശേഷവും, മൂന്നുലേഖനങ്ങളും വെളിപ്പാടുപുസ്തകവും അവന്റെ തൂലികയിലൂടെ വന്നതാണ്. അവന്റെ അവസാന വർഷങ്ങൾ അവൻ കഴിച്ചുകൂട്ടിയത് ഒരുപക്ഷെ, എഫെസൊസ് കേന്ദ്രമാക്കി ആസ്യാഭൂഖണ്ഡത്തിലായിരിക്കാം. അവനെ ഒരു വർഷത്തേക്ക് പത്മൊസ് ദ്വീപിലേക്ക് നാടുകടത്തിയിരുന്നു (വെളി. 1:9), അവിടെ നിന്നാണ് അവൻ വെളിപ്പാട് പുസ്തകം എഴുതിയത്. ട്രാജൻ ചക്രവർത്തിയുടെ വാഴ്ച്ച വരെ അവൻ ജീവിച്ചിരുന്നു (എ.ഡി. 98–117), ഏതാ് നൂറ്റാിന്റെ അവസാനമായി മരിച്ച അവൻ, ഒരുപക്ഷെ, രക്തത്താൽ തന്റെ വിശ്വാസത്തെ മുദ്രയിടാതെ മരിച്ച, ഏക അപ്പൊസ്തലനായിരിക്കാം.

**3. മറ്റു അപ്പൊസ്തലന്മാർ–ഉപസംഹാരം.** – നാം മുൻപു കതുപോലെ (പ്രവൃത്തികൾ 12:1, 2) യോഹന്നാന്റെ സഹോദരനായിരുന്ന, യാക്കോബ്, മുൻപുതന്നെ രക്തസാക്ഷിയായി തീർന്നിരുന്നു. മറ്റു അപ്പൊസ്തലന്മാരെ

കുറിച്ച് കൂടുതലായി ഒന്നും പുതിയനിയമത്തിൽ രേഖപ്പെടുത്തിയിട്ടില്ല. യാക്കോബും യൂദയും, എന്നീ രു ലേഖനങ്ങൾ കൂടെ അവശേഷിക്കുന്നു്. യേശുവിന്റെ സഹോദരനായിരിക്കാമെന്നു അധികം പേരും പറയുന്നുങ്കെിലും, അവയുടെ ഗ്രന്ഥകർത്താക്കന്മാരെ സംബന്ധിച്ച് ഇതുവരെയും ഉത്തരം കത്തെുവാൻ കഴിഞ്ഞിട്ടില്ല. വിവിധ ദേശങ്ങളിൽ വിവിധ അപ്പൊസ്തലന്മാർ സുവിശേഷവുമായി പോയിരുന്നതായും, യോഹന്നാൻ ഒഴിച്ച് മറ്റെല്ലാ അപ്പൊസ്തലന്മാരും രക്തസാക്ഷിത്വം വഹിച്ചു എന്നുമാണ് പാരമ്പര്യം സൂചിപ്പിക്കുന്നത്.

എല്ലാവരുടെയും അവസാന പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ നിലനില്ക്കുന്ന വിജ്ഞാനവിരോധം, അതു അപ്പൊസ്തലന്മാരിൽ, ഏറ്റവും വലിയവനിൽ ആയാൽ പോലും, ആഴമേറിയ പ്രാധാന്യം ഉള്ളതായിരുന്നു. അപ്പൊസ്തലിക ചരിത്രത്തിൽ വ്യക്തിമൂലകങ്ങൾ രാം സ്ഥാനത്തായിരുന്നു. അവരുടെ താല്പര്യം മനുഷ്യർക്കു ചുറ്റും ആയിരുന്നു; എന്നാൽ ഏറ്റവും താല്പര്യം വിസ്തൃതമായ മേഖലയിലെ പ്രവർത്തനത്തിനായിരുന്നു. സുവിശേഷ ചരിത്രത്തിൽ, അതിനുവിപരീതമായി, വ്യക്തിഘടകങ്ങളായിരുന്നു മുൻപന്തിയിൽ. താല്പര്യം ഒരു *വ്യക്തിയിൽ* കേന്ദ്രീകരിച്ചിരുന്നു. അവന്റെ ജീവിതത്തിലെ വാക്കോ പ്രവൃത്തിയോ എന്തായാലും ക്രിസ്തുവാണ് ഏറ്റവും വലുത്. ഏതൊരു കഷ്ടത നിമിത്തവും ഭൂമിയിൽ നിന്നു പോകേിവന്നാലും യാതൊരു വിജ്ഞാന വിരോധവും പ്രശ്നമാകയില്ല. അവനാണ് ആർച്ചിന്റെ മുഖ്യകല്ല് - സുവിശേഷത്തിന്റെ മാത്രമല്ല, പുതിയനിയമത്തിന്റേയും മാത്രമല്ല, ബൈബിൾ സംഭവത്തിന്റെ മുഴുവനും മുഖ്യകല്ല് അവൻ തന്നെ. *അവനി*ല്ലെങ്കിൽ സർവ്വവും ആശക്കു വകയില്ലാതെ നശിച്ചുപോകും; *അവനോടു*കൂടെയാണെങ്കിൽ അതു നിസ്തുലമായും മനോഹരമായും നിലനില്ക്കും.